(ജി) മത്സ്യമേഖലയിൽ നടപ്പിലാക്കിയിരിക്കുന്ന പുതിയ കയറ്റിറക്കുമതി നയം പുനഃപരിശോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ! എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ സമീപനം എന്തെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ&ബി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ കയറ്റിറക്കുമതി നയം സംസ്ഥാനത്തെ മത്സ്യമേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടില്ല. എന്നാൽ പുതിയ കയറ്റിറക്കുമതി നയം പ്രാബല്യത്തിൽ വന്നതോടെ കേന്ദ്രസർക്കാർ ഇറക്കുമതി ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്ന മത്സ്യങ്ങളുടെ ഇനം സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) പരാമർശത്തിലുള്ള മത്സ്യങ്ങൾ ഇറക്കുമതിചെയ്യുകയാണെങ്കിൽ ആഭ്യന്തര വിപണിയിൽ അവയുടെ വില കുറയുവാനും തൻമൂലം മത്സ്യതൊഴിലാളികൾക്ക് തൊഴിലില്ലായ്മ, സാമ്പത്തികനഷ്ടം എന്നിവ ഉണ്ടാകാനും ഇടയുണ്ട്.

(ഡി) ഉണ്ട്. 1998-99-ൽ ചെമ്മീൻ, കൂന്തൽ എന്നിവയുടെ കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് 631.30 കോടി രൂപ ലഭിച്ചു. ഇതിൽ ചെമ്മീൻ കയറ്റുമതിയിലൂടെ 480.66 കോടി രൂപയും കൂന്തൽ കയറ്റുമതിയിലൂടെ 150.64 കോടി രൂപയുമാണ് ലഭിച്ചത്.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്. ജനകീയ മത്സ്യകൃഷി, അലങ്കാരമത്സ്യ കൃഷി എന്നീ പദ്ധതികൾ മുഖേനയും മത്സ്യകർഷക വികസന ഏജൻസി, ഓരു ജലമത്സ്യ/ചെമ്മീൻ കർഷക വികസന ഏജൻസി എന്നിവ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേനയും തൊഴിലവസരങ്ങൾ ലഭ്യമാക്കി വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ഗ്രാമപഞ്ചായത്തുകൾ മുഖേനയും മത്സ്യഫെഡ് മുഖേനയും ധനസഹായവും ലഭ്യമാക്കി വരുന്നുണ്ട്.

(ജി) പുതിയ കയറ്റിറക്കുമതി നയം പുനഃപരിശോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സ്കൂൾ കുട്ടികൾക്കെതിരെയുള്ള ശിക്ഷാനടപടികൾ

16 (*406) ശ്രീ. പി. സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(എ) സ്കൂൾ ക്ലാസ്സുകളിൽ അദ്ധ്യാപകർ കുട്ടികളെ മാനസികവും ശാരീരികവുമായി പീഡിപ്പിക്കുന്ന വിധത്തിലുള്ള ശിക്ഷാനടപടികൾ സ്വീകരിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) സ്കൂളുകളിൽ ചൂരൽപ്രയോഗം നിരോധിച്ചുകൊണ്ട് ഏതെങ്കിലും ജില്ലകളിൽ ഉത്തരവിറക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ നടപടി സംസ്ഥാനവ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പ്രാകൃത ശിക്ഷാരീതികൾ നടപ്പിലാക്കുന്ന അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോപണ വിധേയരായ അദ്ധ്യാപകർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. മലപ്പുറം ഡി.ഡി.ഇ. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ചൂരൽ പ്രയോഗം പോലുള്ള ശിക്ഷാനടപടികൾ കെ.ഇ.ആറിലെ വ്യവസ്ഥകൾക്ക് വിധേയമല്ലാത്തതിനാലും എഡ്യൂക്കേഷണൽ സൈക്കോളജിയെ സംബന്ധിച്ച പരിഷ്ക്കരിച്ച സിലബസിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് വേണ്ട ബോധവാൽക്കരണം നല്കാൻ കഴിയുമെന്നതിനാലും ഇക്കാര്യത്തിൽ പ്രത്യേകയുത്തരവിറക്കേണ്ട ആശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

## കോളേജ് ഹോസ്റ്റലിൽ ജാതിഅടിസ്ഥാനത്തിൽ വിദ്യാർത്ഥിനികളെ തരംതിരിച്ച സംഭവം

17 (*407) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എ. കണാരൻ :
ശ്രീ. എം. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം സെന്റ് തെരേസാസ് കോളേജ് ഹോസ്റ്റലിൽ ജാതി അടിസ്ഥാനത്തിൽ വിദ്യാർത്ഥിനികളെ തരംതിരിച്ച് താമസിപ്പിച്ചു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly